ഉത്തരം

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിലെ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ പ്രസ്തുത ആശുപത്രിയിൽ നിന്നും ശിശുരോഗ കൺസൾട്ടന്റായി വിരമിച്ച ഡോ. ജയ്സൺ. കെ.ജി.-യെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കക്കാട്, വെറ്റിലപ്പാറ, പരിയാരം, കൊടകര, എലിഞ്ഞിപ്ര എന്നീ ആശുപത്രികളിൽ നിലവിൽ ഒഴിവുകൾ ഇല്ല.

(ബി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള മെഡിക്കൽ ആഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തിവരികയാണ്. എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 4 വീതം സ്പെഷ്യലിസ്റ്റുകളുടെ സേവനം ഇന്നത്തെ സാഹചര്യത്തിൽ ഉറപ്പുവരുത്താനാകില്ല.

(സി) സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്ന ഉപാധിരഹിത/ വാർഷിക മെയിന്റനൻസ്/ആശുപത്രി വികസന സമിതി ഫണ്ടുകൾ, കേന്ദ്ര സർക്കാരിൽനിന്ന് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ വർഷം നൽകിയിട്ടില്ല. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആശുപത്രികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച്

117 (806) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളില്ലാത്ത 8 ജില്ലകളിൽ അവ സ്ഥാപിക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും നീക്കിവച്ച തുകയിൽനിന്ന് എത്ര തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം പദ്ധതിക്കായിട്ടാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇടർ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2012-13-ൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾക്കായി 3500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിനാൽ മുഴുവൻ തുകയും പി.ഡബ്ല്യു.ഡി. മുഖേന ചെലവഴിക്കുന്നതിനായി എൻ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്.

സിവിൽ വർക്ക്സ് (2012-13)

തൃശ്ശൂർ	-	725 ലക്ഷം രൂപ
കോട്ടയം	-	880 ലക്ഷം രൂപ
സുൽത്താൻ ബത്തേരി, വയനാട്	-	300 ലക്ഷം രൂപ
പൊന്നാനി, മലപ്പുറം	-	360 ലക്ഷം രൂപ
തിരുവനന്തപുരം	-	375.75 ലക്ഷം രൂപ

(നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്)

നിലവിലുള്ള ഡബ്ല്യു & സി ആശുപത്രിക്ക് വേണ്ടിയും ഡബ്ല്യു & സി വിംഗിന് വേണ്ടിയും ചെലവഴിച്ച തുക (2012-13)

ജില്ല	അടിസ്ഥാന സൗകര്യ വികസനം	ഉപകരണങ്ങൾ വാങ്ങുന്നത്
തിരുവനന്തപുരം (ഡബ്ല്യു & സി)	10 ലക്ഷം	67.90 ലക്ഷം
ജനറൽ ആശുപത്രി, എറണാകുളം	90.98 ലക്ഷം	142.36 ലക്ഷം
ജില്ലാ ആശുപത്രി, പേരൂർക്കട	400 ലക്ഷം	60.58 ലക്ഷം
താലൂക്ക് ആശുപത്രി, ചിറയിൻകീഴ്	.....	37.31 ലക്ഷം
സി.എച്ച്.സി., കന്യാകുളങ്ങര	10 ലക്ഷം	18.74 ലക്ഷം
ഡബ്ല്യു& സി., പൊന്നാനി	200 ലക്ഷം	130.38 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(സി) തുടർ വർഷങ്ങളിലും ടി പ്രവൃത്തിക്കായി തുക നീക്കിവച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2013-14-ൽ നീക്കി വച്ച തുക (ക്യാപ്പിറ്റൽ ഹെഡ്) 1000 ലക്ഷം രൂപ

സ്ഥാപനം	അനുവദിച്ച തുക
ഡബ്ല്യൂ & സി, കാസർഗോഡ്	360 ലക്ഷം രൂപ
ഡബ്ല്യൂ & സി, കോന്നി	311 ലക്ഷം രൂപ
ഡബ്ല്യൂ & സി, മാങ്ങാട്ടുപറമ്പ, കണ്ണൂർ	329 ലക്ഷം രൂപ

2014-15-ൽ നീക്കി വച്ച തുക 1095 ലക്ഷം രൂപ (ഒ.റ്റി.എ.സി.എ.)

സ്ഥാപനം	അനുവദിച്ച തുക
ഡബ്ല്യൂ & സി, തിരുവനന്തപുരം	195 ലക്ഷം (സിവിൽ)
താലൂക്ക് ആശുപത്രി, കോന്നി	319 ലക്ഷം (സിവിൽ)
ഗവണ്മെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം	200 ലക്ഷം (സിവിൽ)
ഡബ്ല്യൂ & സി, കാഞ്ഞങ്ങാട്	381 ലക്ഷം (സിവിൽ)

2015-16-ൽ നീക്കി വച്ച തുക 1150 ലക്ഷം രൂപ

650 ലക്ഷം രൂപ സ്റ്റേറ്റ് പ്ലാനിലും, 500 ലക്ഷം രൂപ ഒറ്റത്തവണ കേന്ദ്ര അധിക സഹായത്തിലും ആണ് നീക്കിവച്ചിട്ടുള്ളത്. ആയതിനാൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിന് മാത്രമാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. (ഒ.റ്റി.എ.സി.എ.) ഒറ്റത്തവണ കേന്ദ്ര അധിക സഹായഫണ്ട് ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല.

സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭ്യമായതിൽ,

ഡബ്ല്യൂ & സി, അടിമാലി, ഇടുക്കി - 450 ലക്ഷം

ഡബ്ല്യൂ & സി, കാസർഗോഡ് - 200 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

പ്രസ്തുത പദ്ധതിവഴി ഡബ്ല്യൂ & സി ഇല്ലാത്ത ജില്ലകളിൽ ഡബ്ല്യൂ&സി ആശുപത്രിയുടെ നിർമ്മാണവും, നിലവിൽ ഡബ്ല്യൂ&സി ഉള്ള ജില്ലകളിൽ അവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly